## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1742 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>'' ആർ. രാജേഷ്<br>'' പി.വി. അൻവർ<br>'' കെ.ജെ. മാക്സി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കെ.എസ്.ആർ.ടി.സി.യെ കരകയറ്റുന്നതിന് ദേശസാൽകൃത റൂട്ടുകൾ സംരക്ഷിച്ചുകൊണ്ട് സർവീസ് വിപുലപ്പെടുത്തിയും ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിയുടെ മറവിൽ സൂപ്പർ ക്ലാസ് റൂട്ടുകളിൽ സർവീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുകളെ തടഞ്ഞുകൊണ്ടും വരുമാനവർദ്ധനവുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സമാന്തരമായി സർവ്വീസ് നടത്തുന്ന സ്വകാര്യ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസുകളുടെ ദൂരപരിധി 140 കിലോമീറ്ററായി നിജപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്ന സ്വകാര്യബസുകൾക്കും മറ്റ് സമാന്തര സർവ്വീസുകൾക്കുമെതിരെ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. ഇത് കെ.എസ്.ആർ.ടി.സി-യ്ക്ക് വരുമാന വർദ്ധനവുണ്ടാക്കാൻ പര്യാപ്തമാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ സേവന മേഖലയിൽ നിലനിർത്തിക്കൊണ്ട് തന്നെ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് അനാവശ്യനഷ്ടം നികത്താൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) | കെ.എസ്.ആർ.ടി.സി.യെ അതിന്റെ സേവനമേഖലയുടെ പ്രാധാന്യം കൂടി കണക്കിലെടുത്തുകൊണ്ട് ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ച് അനാവശ്യ നഷ്ടം നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അന്തർസംസ്ഥാന റൂട്ടുകളിൽ ഉൾപ്പെടെയുള്ള സമാന്തര സർവീസ് തടയാൻ ശക്തമായ നടപടിയെടു | (സി) | കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ബസുകൾക്ക് സമാന്തരമായി സ്വകാര്യ കോൺട്രാക്റ്റ് കാര്യേജ് വാഹന |

| | |
|---|---|
| ക്കുമോ? | ങ്ങൾ സർവ്വീസ് നടത്തുന്നുവെന്ന പരാതി കാലാകാലങ്ങളായി നിലവിലുള്ളതാണ്. വകുപ്പിലെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാതെ ഇത്തരം സർവ്വീസുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈയടുത്തകാലത്ത് ഇത്തരം പരാതികൾ വ്യാപകമായി ലഭിച്ചതിനെ തുടർന്ന് പരിശോധനകൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.<br>2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.<br>14.02.2017 രാത്രിയിൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ 9 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 41,200/- രൂപ പിഴയായും 98,700/- രൂപ നികുതിയായും ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പരിശോധനകൾ തുടർന്നും നടത്താൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ